# തൂലിക ഒടിക്കുന്ന ജാലവിദ്യ

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

**മൂന്ന് പേനകൾ കീശയിൽ –**
**കാലാൾപ്പട മേധാവിയുടെ**
**പുരസ്ക്കാര ചിഹ്നങ്ങൾ;**
**പോസ്റ്റാഫീസ്സിലെ സുന്ദരി**
**വിലാസമെഴുതാൻ കടംകൊണ്ട**
**ഒന്നാമൻ, മടക്കസൗഭാഗ്യമില്ലാതെ**
**മാമാങ്കത്തിനു മാത്രം കാണും മങ്ക.**
**ഓടുന്ന ബസ്സിലെ ചില്ലുജനൽ**
**തുറന്നു ചാടിയ രണ്ടാമന്റെ**
**വാതിൽപ്പുറ പിൻക്കാഴ്ചകൾ**
**ഓക്കാനച്ചാലിലോ?**
**ഇടമുറിയും അക്ഷരവൈരിയിലോ?**
**മൂന്നാമൻ ചുവന്ന പേന:**
**സദസ്സിൻ മുൻനിരയിൽ**
**മൂന്നാളെ കവച്ച് ദൃശ്യമുഖം തേടുന്നു –**
**ചെഞ്ചോര ചീറ്റി ചിന്നിച്ചിതറുന്നു.**
**സാന്ധ്യരാഗം തേടിയലയും കീശ**
**കടയിൽക്കയറിയിറങ്ങി ഞെരങ്ങി**
**ഏഴുവർണ്ണക്കുഴലുള്ള പേന താങ്ങി**
**സമ്മിശ്രവികാരങ്ങളാം**
**കറുത്ത മഷിയും**
**വെളുത്ത മഷിയും**
**ചാലിച്ചു തേച്ച്**
**മേധാവിയാകാൻ വീണ്ടും**
**പുഷ്പ കമാനം കടന്ന്**
**യോഗേശ്വരക്ഷേത്രത്തിൽ**
**നിഷ്പന്ദസ്പന്ദനത്തിനു**
**സമാധിയാസനയാമം കാത്തു.**
***********************************************